പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5444 — 28.07.2015 ലെ മറുപടിയ്ക്ക്

## ജൈവ വളങ്ങളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.പി.ടി.എ. റഹീം<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.സി.കെ സദാശിവൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഇറക്കുമതി ചെയ്യപ്പെടുന്ന ജൈവ വളങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ ; | (എ) നമ്മുടെ സംസ്ഥാനത്ത് ജൈവവളം ഇറക്കുമതി ചെയ്യപ്പെടുന്നില്ല. |
| (ബി) ജൈവവളങ്ങളുടെ ഗുണനിലവാര പരിശോധനയുടെ വിശദാംശം ലഭ്യമാക്കാമോ ; | (ബി) ജൈവവളങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്കായി സർക്കാർ നോട്ടിഫൈഡ് ലാബുകൾ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള നാഷണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് എന്ന സ്ഥാപനത്തിന്റെ 6 റീജിയണൽ സെന്ററുകളിൽ നിലവിലുണ്ട്. ഇതിന്റെ സതേൺ റീജിയണൽ സെന്റർ, കർണാടക സംസ്ഥാനത്തെ ബാംഗ്ലൂരിൽ സ്ഥിതി ചെയ്യുന്നു. പ്രസ്തുത ലാബിൽ പരിശോധനയ്ക്ക് അയച്ചാണ് കേരളത്തിൽ വിതരണം നടത്തുന്ന ജൈവവളങ്ങളുടെ ഗുണനിലവാരം ശാസ്ത്രീയമായി പരിശോധിക്കുന്നത്. ഇപ്രകാരം പരിശോധന നടത്തിയ ജൈവവളങ്ങളൊന്നും ഗുണനിലവാരമില്ലാത്തതായി തെളിഞ്ഞിട്ടില്ല.<br><br>കേരള കാർഷിക സർവ്വകലാശാല, സ്പൈസസ് ബോർഡ്, റബ്ബർ ബോർഡ് എന്നീ സ്ഥാപനങ്ങളിലും ജൈവവളങ്ങളുടെ ഗുണനിലവാരം പരിശോധിച്ചു വരുന്നു. പട്ടാമ്പിയിൽ സംസ്ഥാന സർക്കാരിന്റെ ഒരു ജൈവവള പരിശോധനാ ലാബിന്റെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. |
| (സി) സംസ്ഥാനത്തിന് ആവശ്യമായി വരുന്ന ജൈവവളം ഇവിടെ ഉല്പാദിപ്പിക്കപ്പെടാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; അവ എന്തെല്ലാം എന്നറിയിക്കുമോ ? | (സി) സംസ്ഥാനത്തിന് ആവശ്യമായി വരുന്ന ജൈവവളം ഇവിടെ ഉല്പാദിപ്പിക്കപ്പെടാൻ നിയമതടസ്സങ്ങൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ